**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2772** **13-10-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ഹരിത ട്രൈബ്യൂണലിന് വിശദീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പട്ടയ ഭൂമിയിൽ നിന്ന് മരം മുറിച്ച കേസിൽ ദേശീയ ഹരിത ട്രൈബ്യൂണൽ കേരള സർക്കാരിൽ നിന്നും വിശദീകരണം തേടുകയുണ്ടായോ; | (എ) | വിശദീകരണം തേടുകയുണ്ടായി. |
| (ബി) | ഈ വിശദീകരണം സമർപ്പിക്കുന്നതിന് ട്രൈബ്യൂണൽ അനുവദിച്ച സമയപരിധി എന്നു വരെ ആയിരുന്നുവെന്ന് വെളിപ്പെടുത്താമോ; | (ബി) | വിശദീകരണം സമർപ്പിക്കുന്നതിന് ട്രൈബ്യൂണൽ അനുവദിച്ച സമയപരിധി 31.08.2021 വരെ ആയിരുന്നു. |
| (സി) | മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ഹരിത ട്രൈബ്യൂണൽ ഈ വിഷയത്തിൽ സ്വമേധയാ കേസെടുക്കുകയും മരംമുറി പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കി എന്ന് പ്രാഥമികമായി വിലയിരുത്തുകയുമുണ്ടായോ; | (സി) | മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ഹരിത ട്രൈബ്യൂണൽ ഈ വിഷയത്തിൽ സ്വമേധയാ ഒ.എ. 157/2021 നമ്പരായി കേസെടുത്ത് റിപ്പോർട്ട് തേടി, മരംമുറിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തിവരികയാണ്. |
| (ഡി) | ട്രൈബ്യൂണൽ ആവശ്യപ്പെട്ടത് പ്രകാരമുള്ള വിശദീകരണം ഇതിനോടകം നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാകുമോ? | (ഡി) | വിശദീകരണം അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. ആയത് അഡ്വക്കേറ്റ് ജനറൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ